സ്വീകരിച്ചു എസ്റ്റിമേറുണ്ടാക്കി അഡ്മിനിസ്ട്രേറീവ് സാംഗ്ഷൻ കൊടുത്തുകഴിഞ്ഞപ്പോൾ തൃശൂർ മുനിസിപ്പാലിറ്റി അത് ഒബ്ജക്റ്റു ചെയ്തിരിക്കുകയാണ്. മുനിസിപ്പാലിറ്റിയുടെ തടസം നീക്കാതെ ആ പണി മുന്നോട്ടുകൊണ്ടുപോകാൻ പറ്റുകയില്ല.

ശ്രീ. എ. പി. കുര്യൻ; ഡാക്ടർമാർക്കും സ്റ്റാഫിനും താമസിക്കാൻ സൗകര്യമില്ലാത്ത ആശുപത്രികളോടനുബന്ധിച്ച് കാഠർട്ടേഴ്സ് കെട്ടുന്നതിനുള്ള ഒരു സ്കീമിനെക്കുറിച്ച് ഗവൺമെന്റ് ഇതിനുമുമ്പ് പ്രഖ്യാപിച്ചിരുന്നു. വിശേഷിച്ചും ഗ്രാമീണ ഡിസ്പെൻസറികളുടെ കാര്യത്തിൽ വലിയ ബുദ്ധിമുട്ടുള്ളതുകൊണ്ട് അവിടെയെങ്കിലും കാർട്ടേഴ്സ് കെട്ടാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. കെ. പി. പ്രഭാകരൻ: അങ്ങനെ ഒരു പദ്ധതി സാമ്പത്തിക പരിമിതിമൂലം നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. അടുത്ത വർഷം 55 ഗ്രാമീണസെൻറുകളിലെങ്കിലും കാർട്ടേഴ്സ് പണിയാനുള്ള ഒരു പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. അതിനാവശ്യമായ ഫണ്ട് 79-80 ലെ ബഡ്ജറ്റിലേക്ക് വകകൊള്ളിച്ചിട്ടുണ്ട്. ഏറ്റവും പ്രയാസകരമായ പ്രദേശങ്ങൾക്കായിരിക്കും മുൻഗണന കൊടുക്കുന്നത്.

ക്ഷയരോഗാശുപത്രികളിലെ രോഗികൾ

* 621 [666] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷയരോഗാശുപത്രികളിൽ ആകെയുള്ള രോഗികൾ എത്ര;

(ബി) നിലവിലുള്ള ക്ഷയരോഗാശുപത്രികളിൽ പ്രവേശനം ലഭിക്കുവാൻ ബുദ്ധിമുട്ടുകളനുഭവപ്പെടുന്നതുകൊണ്ട് പുതുതായി ക്ഷയരോഗാശുപത്രികളാരംഭിക്കുവാൻ നടപടിയെടുക്കുമോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ):

(എ) മൂന്നു ക്ഷയരോഗാശുപത്രികളിലായി 1,091 പേരും 11 ക്ലിനിക്കുകളിലായി 1,111 പേരും കൂടി ഒട്ടാകെ 2,202 രോഗികളുണ്ട്.

(ബി) ആശുപത്രികളിൽ കിടത്തി ചികിൽസിക്കാൻ തക്കവണ്ണം രോഗമുള്ളവർക്ക് ഇന്നുള്ള ആശുപത്രികളിൽ പ്രവേശനം ലഭിക്കുവാൻ പ്രയാസമില്ല. അതിനാൽ കൂടുതൽ ക്ഷയരോഗാശുപത്രികൾ ആരംഭിക്കാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

ശ്രീ. ലോനപ്പൻ നമ്പാടൻ: മസൂരി, മലമ്പനി മുതലായ രോഗങ്ങളെ ഉൻമൂലനാശം ചെയ്തതുപോലെ ക്ഷയരോഗത്തെയും കേരളത്തിൽനിന്നു തുടച്ചുനീക്കുന്നതിനുവേണ്ടി ഒരു തീവ്രയത്നപരിപാടി നടപ്പാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അത എത്രയുംവേഗം പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. പി. പ്രഭാകരൻ: മലമ്പനിയും മസൂരിയും ഉൻമൂലനാശം ചെയ്തതുപോലെ ഇതും ഉൻമൂലനാശം വരുത്താനുള്ള തീവ്രശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. മൂന്നു ക്ഷയരോഗാശുപത്രിക്കു പുറമേ 11 ക്ലിനിക്കുകൾ മാത്രമല്ല താലൂക്കാശുപത്രികളോടനുബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

12 ബെഡ്ഡുകൾ ക്ഷയരോഗികളെ കിടത്തി ചികിൽസിക്കത്തക്കവണ്ണം ഉണ്ട്. അതിനുപുറമേ പണ്ടത്തെപ്പോലെയല്ല വീട്ടിൽതന്നെ ചികിൽസിക്കാനുള്ള സൗകര്യം ഇപ്പോഴുണ്ട്. താലൂക്കാശുപത്രികളിലൊക്കെ ചികിൽസിക്കാനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. പി. സി. ജോസഫ്: നമ്മുടെ സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട ക്ഷയരോഗാശുപത്രി പുലയനാർകോട്ടയിൽ പാങ്കിമാവിൻ തോട്ടത്തിലാണെന്നും പറങ്കിമാങ്ങ ഈ രോഗത്തിനെതിരാണെന്നും, ധാരാളം പറങ്കിമാങ്ങ ഈ രോഗികൾ ഭക്ഷിക്കുന്നതുകൊണ്ടു രോഗം വർദ്ധിക്കുന്നു എന്നും മനസ്സിലാക്കിക്കൊണ്ട് രോഗികൾ ഈ പറങ്കിമാങ്ങ ഭക്ഷിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. പി പ്രഭാകരൻ: അങ്ങനെ ഒരു കാര്യത്തെ സംബന്ധിച്ച് വിദഗ്ദ്ധൻമാരൊന്നും അഭിപ്രായപ്പെട്ടതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അങ്ങനെ അഭിപ്രായപ്പെടുകയാണെങ്കിൽ തീർച്ചയായും പരിശോധിക്കാം. മൂന്നു ക്ഷയരോഗാശുപത്രികളിൽവച്ചു ഏറ്റവും കൂടുതൽ സൗകര്യമുള്ള ആശുപത്രിയാണ് പുലയനാർകോട്ടയിലുള്ളത്.

ശ്രീ. എ. വി. താമരാക്ഷൻ: ക്ഷയരോഗാശുപത്രികളിൽ അഡ്മിറ്റു ചെയ്യുന്ന രോഗികളുടെ ആഹാരക്രമം മറ്റാശുപത്രികളിലെ രോഗികൾക്കുള്ളതിൽനിന്നും വ്യത്യസ്തമായിട്ടുള്ളതാണോ; ക്ഷയരോഗം പെട്ടെന്നു മാറത്തക്കവണ്ണം പോഷകമൂല്യമുള്ള ആഹാരസാധനങ്ങളായ ഇറച്ചിയും മുട്ടയും കൊടുക്കാൻ തയ്യാറാവുമോ?

ശ്രീ. കെ. പി. പ്രഭാകരൻ: മറ്റു ആശുപത്രികളിൽനിന്നും വ്യത്യസ്തമായി നല്ല ആഹാരക്രമമാണ് ക്ഷയരോഗികൾക്കുള്ളത്. മറ്റു പലയിടത്തും ഉള്ളതുപോലെ ക്ഷയരോഗികളുടെ ഭക്ഷണത്തെ സംബന്ധിച്ചു കാര്യമായ പരാതിയൊന്നും രോഗികൾക്കുള്ളതായി കേട്ടിട്ടില്ല. കൊടുക്കുന്ന ഭക്ഷണത്തിന്റെ ലിസ്റ്റ് വേണമെങ്കിൽ ഞാൻ വായിക്കാം.

മി. സ്പീക്കർ: വേണ്ട.

ശ്രീ. പിണറായി വിജയൻ: മറ്റുസംസ്ഥാനങ്ങളിൽകിട്ടുന്ന ഭക്ഷണവും മരുന്നും ഇവിടത്തെ ക്ഷയരോഗാശുപത്രികളിൽനിന്നും, ക്ഷയരോഗികൾക്ക് കിട്ടുന്നില്ലെന്ന് അവിടെനിന്നും വന്ന രോഗികൾ പറയുന്നുണ്ട്. ഉദാഹരണത്തിന് പോണ്ടിച്ചേരി. മറ്റു സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ ഇവിടത്തെ ആഹാരം മെച്ചപ്പെട്ടതല്ലെന്നു കേൾക്കുന്നതു ശരിയാണോ?

ശ്രീ. കെ. പി. പ്രഭാകരൻ: അങ്ങനെ ഒരു താരതമ്യപഠനം നടത്തിയതായി ഫയലിൽ കാണുന്നില്ല. അങ്ങനെ ഉണ്ടെങ്കിൽ അന്വേഷിക്കാം.

(667, 668, 669) എന്നീ ചോദ്യങ്ങൾ ചോദിച്ചില്ല.

ഫിഷറീസ് വെൽഫയർ ബോർഡിന്റെ പ്രവർത്തനങ്ങൾ

*622 [670] ശ്രീ. എം. പി. ഗംഗാധരൻ:

,, വക്കം പുരുഷോത്തമൻ:

,, തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള:

,, പി. ആർ. കുറുപ്പ്:

,, പി. ജെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly